കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഉദയപുരം (ഹോസ് ദുർഗ്) ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ, കാസർഗോഡ് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മരാമത്ത് ജോലികൾക്കുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം.2066/09 / തസ്വഭവ തിരുവനന്തപുരം , തീയതി 12.08.09

---

പരാമർശം :- 1. 04.06.05.-ലെ സ.ഉ.(ആർ.ടി)നം.2230/05/തസ്വഭവ നമ്പർ ഉത്തരവ്.

2. 18.05.07-ലെ സ.ഉ.(എം എസ്) നം.133/07/ തസ്വഭവ നമ്പർ കത്ത്.

3. 11.05.09 ലെ ഉദയപുരം ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ എം.43.09 നം കത്ത്.

4. 23.07.09 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.12 നമ്പർ തീരുമാനം.

ഉത്തരവ്

പരാമർശം (1) പ്രകാരം, ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ കോടോം ബേള്ളൂർ ഗ്രാമപഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ചുത്തരവുണ്ടായിട്ടുണ്ട്. പ്രസ്തുത സഹകരണ സംഘത്തെ കാസർഗോഡ് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കണമെന്ന് പരാമർശം (3) പ്രകാരമുള്ള, സംഘത്തിൻെറ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പരിശോധിക്കുകയും പരാമർശം (4) പ്രകാരം തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

(2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉദയപുരം (ഹോസ്ദുർഗ്) ലേബർ കോൺട്രാക്ട് സഹകരണ സംഘത്തെ (നമ്പർ. എസ്.259),

കാസർഗോഡ് ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. ഗ്രാമവികസനകമ്മിഷണർ, തിരുവനന്തപുരം
4. പ്രസിഡന്റ് /സെക്രട്ടറി , ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം, ചുള്ളിക്കര, കാസർഗോഡ് 671 531
5. സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
6. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
7. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
8. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
9. കൺവീനർ, അക്രഡിറ്റേഷൻ സമിതി, ഗ്രാമവികസന കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം (12694/ഡിപി 4/04 സിആഡി പ്രകാരം)
10. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
11. ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കാസർഗോഡ്.
12. ജില്ലാ പ്ലാനിംഗ് ആഫീസർ, കാസർഗോഡ്.
13. സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.( കാസർഗോഡ് ജില്ലയിലെ ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്)
14. ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ